(ബി & സി) ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ പത്ത് കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

വിജിലൻസ് കേസുകൾ

108 [109] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്ത ശേഷം സംസ്ഥാന മന്ത്രിസഭയിലെ മന്ത്രിമാർ ഉൾപ്പെടുന്ന ഏതെല്ലാം വിജിലൻസ് കേസുകളിലാണ് നടപടികൾ തുടരേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കേസ്സുകളുടെ അന്വേഷണവും തുടർ നടപടികളും, വേണ്ടെന്ന് സർക്കാർ തീരുമാനിക്കാൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ ഏതെങ്കിലും മന്ത്രിമാർക്കെതിരെ അഴിമതി, അനധികൃത സ്വത്ത് സമ്പാദിക്കൽ, സ്ത്രീപീഡനം എന്നിവയുടെ പേരിൽ അന്വേഷണം നടക്കുന്നുണ്ടോയെന്നും കേസ് നിലനിൽക്കുന്നുണ്ടോ എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചുവരുന്നു.

മന്ത്രിസഭാംഗങ്ങൾക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

109 [110] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മന്ത്രിസഭയിലെ ഏതെല്ലാം [illegible]ങ്ങൾക്കെതിരെയാണ് വിജിലൻസ് അന്വേഷണം നടക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം മന്ത്രിമാർക്കെതിരെയാണ് വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം മന്ത്രിമാരുടെ പേരിലുള്ള കേസുകളാണ് സർക്കാർ പിൻവലിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചുവരുന്നു.

ജയിൽ ചാടിയ പ്രതികൾ

110 [111] ശ്രീ. എം. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ജയിലുകളിൽനിന്നും എത്ര തടവുകാർ ജയിൽ ചാടിയിട്ടുണ്ട്;

(ബി) ജയിൽ ചാടിയവരിൽ എത്രപേരെ പിന്നീട് പിടികൂടാൻ കഴിഞ്ഞിട്ടുണ്ട്;

(സി) ഏതെല്ലാം കേസുകളിൽ ശിക്ഷിക്കപ്പെട്ട തടവുകാരാണ് ജയിൽ ചാടിയിട്ടുള്ളത്;

(ഡി) ജയിലുകളിൽ നിന്ന് വിവിധ കോടതികളിലേക്ക് കൊണ്ടുപോകുംവഴി പോലീസ് കസ്റ്റഡിയിൽ നിന്നും എത്ര പേർ രക്ഷപ്പെട്ടിട്ടുണ്ട്;

(ഇ) ഇതിൽ എത്രപേരെ പിന്നീട് പിടികൂടിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

111 [112] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ വില്ലേജ് ആഫീസുകളിൽ നേരിട്ട് നൽകിയാൽ മതിയെന്ന ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly